(സി) മത്സ്യ കുഞ്ഞുങ്ങളെ ഒഴുക്കിവിടുന്ന പുഴകളും കടലും തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ;

(ഡി) ഈ പ്രക്രിയ സാർവ്വത്രികമാക്കി, സ്വകാര്യ ചിറകളിലുൾപ്പെടെ മത്സ്യ കുഞ്ഞുങ്ങളെ തുറന്നുവിട്ട് ഫിഷറീസ് വകുപ്പിന്റെ നിലവിലുള്ള പൊട്ടൻഷ്യൽ പരമാവധി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യ കുഞ്ഞുങ്ങളെ പുഴയിൽ തുറന്നുവിടുന്ന പദ്ധതി സംസ്ഥാനത്തെ എല്ലാജില്ലകളിലും, ചെമ്മീൻ കുഞ്ഞുങ്ങളെ കടലിൽ തുറന്നുവിടുന്ന പദ്ധതി കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ് ജില്ലകളിലും നടപ്പിലാക്കി വരുന്നു.

(ബി) 10-12 മാസം വളർച്ചയെത്തിയശേഷം പിടിക്കാമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) മത്സ്യ കുഞ്ഞുങ്ങൾ വളർന്നുവലുതാകുന്നതിനാവശ്യമായ ഭൗതിക-രാസ സാഹചര്യങ്ങൾ ഉള്ള ജല പ്രദേശങ്ങൾ തെരഞ്ഞെടുത്താണ് ചെമ്മീൻ/മത്സ്യ കുഞ്ഞുങ്ങളെ തുറന്നുവിടുന്നത്. മത്സ്യ കുഞ്ഞുങ്ങളെ ഒഴുക്കിവിടുന്നതിന് പുഴകൾ തിരഞ്ഞെടുക്കുന്നത് അതതു ജില്ലാപഞ്ചായത്തുകൾ മുഖേനയാണ്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സർവ്വീസിൽ നിന്ന് നീക്കംചെയ്ത ആളിന് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകിയ നടപടി

18 (2893) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ബൈന്ററായി ഫിഷറീസ് വകുപ്പിൽ താൽക്കാലികസേവനം അനുഷ്ഠിച്ചിരുന്ന ആരെയെങ്കിലും സമരത്തിൽ പങ്കെടുത്തതിന് 1973-ൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ആരെയാണെന്നും അദ്ദേഹം ആകെ എത്രദിവസം ജോലി ചെയ്തിരുന്നു എന്നും വ്യക്തമാക്കുമോ ;

(സി) അദ്ദേഹത്തിന് 55 വയസ് പൂർത്തിയായ ദിവസം സർവീസിൽ പുനഃപ്രവേശിപ്പിച്ചതായി കരുതി റിട്ടയർമെന്റ് ആനുകൂല്യങ്ങളും മറ്റും നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഉത്തരവ് നിലവിലുള്ള സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണെന്ന് അക്കൗണ്ടന്റ് ജനറൽ ചീഫ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സർവീസ് ചട്ടങ്ങൾക്കും നിയമങ്ങൾക്കും എതിരായിട്ടാണ് ജി. ഒ. (എം.എസ്.) നം. 14/98/എഫ് ആന്റ് പി. ഡി. തീയതി 9-3-1998 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചതെങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. എൻ. അനന്തകൃഷ്ണനെ. ടി യാൻ മൂന്നുവർഷവും മൂന്നു മാസവും 19 ദിവസവും ഫിഷറീസ് വകുപ്പിൽ ബൈന്റ്റായി ജോലി ചെയ്തിട്ടുണ്ട്.

(സി) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇതുസംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന് മറുപടി നല്കിയിട്ടുണ്ട്.

(എഫ്) മന്ത്രിസഭാ തീരുമാനപ്രകാരമാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

മത്സ്യഫെഡ് എഞ്ചിനുകൾ വിറ്റ നടപടി

19 (2894) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപത്തിയഞ്ചു ഹോഴ്സ് പവറുള്ള സുസുക്കി ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് മത്സ്യഫെഡ് എന്തു വിലയ്ക്കാണ് മത്സ്യത്തൊഴിലാളികൾക്ക് 1999 നവംബർ, ഡിസംബർ മാസങ്ങളിലും 2000 ജനുവരി മാസത്തിലും വിറ്റതെന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യഫെഡ് പ്രസ്തുത എഞ്ചിനുകളുടെ വില വിവരപ്പട്ടിക പ്രസിദ്ധീകരിക്കാറുണ്ടോ ;

(സി) പ്രസ്തുത എഞ്ചിനുകളുടെ വില സൗത്ത് ഇന്ത്യൻ ഫെഡറേഷൻ ഓഫ് ഫിഷർമെൻ സൊസൈറ്റിയുടെ വിലവിവരപ്പട്ടികയിൽ 68,000 രൂപ എന്ന് കാണിച്ചിട്ടുണ്ടെങ്കിലും 1999 നവംബർ മാസം മത്സ്യഫെഡ് എഞ്ചിന് 79,500 രൂപ വില ഈടാക്കിയിരുന്നോ എന്ന് അറിയിക്കുമോ ;

ഉത്തരം

(എ) 25 കുതിരശക്തിയുള്ള സുസുക്കി ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് 1999 നവംബർ, ഡിസംബർ മാസങ്ങളിൽ അടിസ്ഥാന വില 79,500 രൂപയും 10% വിൽപ്പന നികുതിയും ഉൾപ്പെടെ 87450 രൂപയ്ക്കാണ് വിറ്റുകൊണ്ടിരുന്നത്. എന്നാൽ 2000 ജനുവരി ഒന്നുമുതൽ അഖിലേന്ത്യാ തലത്തിൽ വിൽപ്പന നികുതി ഏകീകരണം നടപ്പിലാക്കിയതിനെ തുടർന്ന് 10% വിൽപ്പന നികുതിക്കുപകരം 12% വിൽപ്പന നികുതി ചുമത്തി 89040 രൂപയ്ക്കാണ് വിൽക്കുന്നത്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly